സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

പതിനൊന്നാം ശമ്പള പരിഷ്ക്കരണ അനോമലി കമ്മിറ്റി – അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 തസ്തികയുടെ ശമ്പള സ്കെയിൽ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2191/21/Est-I** നന്തൻകോട്, **07/12/2023**

---

പരാമർശം :– 1) 04–10–2023 ലെ മേൽ നമ്പർ ഉത്തരവ്.
2) ശ്രീമതി. ശബരി. എസ്, ശ്രീ. അനുരാജ്. എസ് എന്നിവരുടെ 03–11–2023 ലെ അപേക്ഷ.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമ വിഭാഗത്തിലെ അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 തസ്തികയുടെ ശമ്പളസ്കെയിൽ ഗവൺമെന്റ് ലാ സെക്രട്ടേറിയറ്റിലെ സമാന വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സ്കെയിലിന് തുല്യമാക്കാമെന്ന ശമ്പളപരിഷ്ക്കരണ അനോമലി കമ്മിറ്റിയുടെ ശുപാർശ പ്രകാരം അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 തസ്തികയ്ക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ 41300–87000 രൂപ സ്കെയിൽ അനുവദിച്ച് ഉത്തരവായിരുന്നു (പരാമർശം –1).

പുതുക്കിയ ശമ്പള സ്കെയിലിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകിയതിനാൽ ശമ്പളത്തിൽ വർദ്ധനവ് വരുന്നില്ലെന്നും ആകയാൽ ശമ്പള പരിഷ്ക്കരണം പ്രാബല്യത്തിൽ വന്നതു മുതൽ ടി സ്കെയിലിന് പ്രാബല്യം നൽകണമെന്നും വിവരിച്ച് പരാമർശം 2 അപേക്ഷ ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ചു.

അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 തസ്തികയുടെ പുതുക്കിയ ശമ്പളസ്കെയിലിന് (41300–87000 രൂപ) 01–03–2021 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :–
1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി